# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2025-2026




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി12-801/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 19/09/2026
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, പത്തനംതിട്ട

നമ്പർ: കെ.എസ്.എ.പിറ്റിഎ.പി12-801/26 തീയ്യതി: 19/09/2026

# പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2025 മുതൽ 31-03-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-07-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രദീപ്കുമാർ എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (അധിക ചുമതല) | 06-07-2026 | 17-07-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-07-2026 | 08-07-2026 |
| 13-07-2026 | 17-07-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അരുൺ എസ് നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഇന്ദിരാദേവി ജെ | പ്രസിഡന്റ് | 01-04-2025 | 10-11-2025 |
| ഭരണ നിർവ്വഹണ സമിതി | പ്രസിഡന്റ് | 11-11-2025 | 29-12-2025 |
| ശ്രീമതി ഗീതാ സജീവ് ഭാസ്കർ | പ്രസിഡന്റ് | 30-12-2025 | 31-03-2026 |
| ശ്രീ. അനിൽകുമാർ ആർ എസ് | സെക്രട്ടറി | 01-04-2025 | 12-09-2025 |
| ശ്രീമതി ശ്രീകല ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2025 | 18-10-2025 |
| ശ്രീ. അനിൽകുമാർ ആർ എസ് | സെക്രട്ടറി | 19-10-2025 | 31-03-2026 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സംഗീത പത്മരാജൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| ശ്രീമതി ആശ വൈ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2025 | 31-03-2026 |
| ശ്രീമതി മഞ്ജു എസ് | ക്ഷീര വികസന ഓഫീസർ | 01-04-2025 | 31-03-2026 |
| ശ്രീ. ദീപു ജെ | വ്യവസായ വികസന ഓഫീസർ | 01-04-2025 | 31-03-2026 |
| ഡോ. സന്തോഷ്കുമാർ കെ ആർ | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 01-04-2025 | 08-09-2025 |
| ഡോ. ബിന്ദു റ്റി എം | മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 09-09-2025 | 31-03-2026 |
| ശ്രീ. സുനിൽകുമാർ ആർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2025 | 30-06-2025 |
| ശ്രീമതി അഞ്ജന എസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-07-2025 | 04-10-2025 |
| ശ്രീമതി ആലിയ ഫർസാന | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 05-10-2025 | 31-03-2026 |
| ശ്രീ. ആനന്ദ് എസ് വിജയ് | പട്ടികജാതി വികസന ഓഫീസർ | 01-04-2025 | 31-03-2026 |
| ശ്രീമതി മീന ഒ എസ് | സൂപ്രണ്ട്, വൃദ്ധ മന്ദിരം, വയലത്തല | 01-04-2025 | 30-09-2025 |
| ശ്രീ. ശിവദാസ് എം എസ് | സൂപ്രണ്ട് (ഇൻ-ചാർജ്ജ്), വൃദ്ധ മന്ദിരം, വയലത്തല | 01-10-2025 | 12-02-2026 |

| | | | |
|---|---|---|---|
| ശ്രീമതി വിജി ജോർജ്ജ് | സൂപ്രണ്ട്, വൃദ്ധ മന്ദിരം, വയലത്തല | 13-02-2026 | 31-03-2026 |
| ശ്രീമതി താര വി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2025 | 31-05-2025 |
| ശ്രീമതി അജിത ജി | ശിശു വികസന പദ്ധതി ഓഫീസർ | 01-06-2025 | 20-07-2025 |
| ശ്രീമതി രാജശ്രീ സി റ്റി | ശിശു വികസന പദ്ധതി ഓഫീസർ | 21-07-2025 | 22-08-2025 |
| ശ്രീമതി സൂസമ്മ സി ഡി | ശിശു വികസന പദ്ധതി ഓഫീസർ | 23-08-2025 | 31-03-2026 |
| ശ്രീമതി സിസ എ | സൂപ്രണ്ട്, മഹിളാ മന്ദിരം, കോഴഞ്ചേരി | 01-04-2025 | 09-03-2026 |
| ശ്രീമതി ലതിക പി എസ് | സൂപ്രണ്ട്, മഹിളാ മന്ദിരം, കോഴഞ്ചേരി | 10-03-2026 | 31-03-2026 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | സംയുക്ത പ്രോജക്ടുകളുടെ വിഹിതമിനത്തിലുള്ള സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല | 1-1-3 |
| 5 | തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-1-4 |
| 6 | അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല | 1-1-5 |
| 7 | ബഡ്ജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഗ്രാന്റ് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 12 | ക്യാഷ് പരിശോധന | 1-7 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 14 | ബ്ലോക്ക് പഞ്ചായത്ത് കാര്യാലയ കെട്ടിട നിർമ്മാണം സ്തംഭനാവസ്ഥയിൽ | 1-9 |
| 15 | സി.എച്ച്.സി.-യിലേക്ക് ലാപ്പ്ടോപ്പുകൾ വാങ്ങിയത് നടപടിക്രമങ്ങൾ പാലിക്കാതെ. | 1-10 |
| 16 | സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി വാഹന ഇൻഷുറൻസ് പുതുക്കി | 1-11 |
| 17 | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം -കരാർ വ്യവസ്ഥകൾ പാലിച്ചില്ല | 1-12 |
| 18 | പഠനമുറി-ധനസഹായം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-13 |
| 19 | വിവിധ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ളത് 1.79 കോടി | 1-14 |
| 20 | ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-15 |
| 21 | പാറ പൊട്ടിച്ചു നീക്കാൻ നടപടികൾ സ്വീകരിക്കാതെ റോയൽറ്റി തുക മുൻകൂറായി ഒടുക്കി | 1-16 |
| 22 | സി.എച്ച്.സി-യിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 1-17 |
| 23 | പഞ്ചായത്തിന്റെ അനുവാദമില്ലാതെ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കി | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2026-ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.06.2026 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2026 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2026 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-26 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**(അധിക ചുമതല)**

**പത്തനംതിട്ട**
**29.08.2026**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 സംയുക്ത പ്രോജക്ടുകളുടെ വിഹിതമിനത്തിലുള്ള സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലെയും വാർഷിക ധനകാര്യ പത്രികയിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

സംയുക്ത പദ്ധതികൾക്കായി ബ്ളോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ച തുകയും (₹0) ഇൻകം ആൻഡ് എക്സ്പെന്റിച്ചർ പത്രിക പ്രകാരമുള്ള വരവ് തുകയും (₹440000) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ “Contribution Towards Joint Venture Projects From Gramapanchayath” എന്ന ഹെഡിലാണ് 5196000 രൂപ

വരവ് കാണിച്ചിട്ടുള്ളത്. എന്നാൽ റെസിപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ Contribution To Joint Venture Projects From Blockpanchayat എന്ന ഹെഡിലാണ് 5158976 രൂപ ചെലവ് കാണിച്ചിട്ടുള്ളത്. ഇവ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ മൂല്യനിർണ്ണയം കൃത്യമല്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആധികാരികവും കാലികവുമായ അനുബന്ധരേഖകൾ ഇല്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ (B-9 Schedule) ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

## 1-1-4 തേയ്മാനം കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

ഷെഡ്യൂൾ ബി-10- Fixed Asset-Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. [2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി)].

## 1-1-5 അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷികധനകാര്യപത്രിക പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് നൽകിയ തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക 17991574 രൂപയാണ് എന്നാൽ ഈ തുകയുടെ കൃത്യത ബോദ്ധ്യപ്പെടുന്ന രീതിയിൽ അഡ്വാൻസ് രജിസ്റ്ററിൽ തുക ക്രമീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | നൽകിയ തുക |
|---|---|
| KSEB | 8265997 |
| KWA | 7707667 |
| GWD | 1622910 |
| PWD | 395000 |
| **ആകെ** | **17991574** |

## 1-2 ബഡ്ജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ ബഡ്ജറ്റ് 20.3.2025-ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 11.2.2026-ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| *ഇനം* | *പ്രതീക്ഷിച്ചത്* | | *യഥാർത്ഥത്തിലുള്ളത്* | |
|---|---|---|---|---|
| | പഴയത് | പുതുക്കിയത് | റസീപ്റ്റ് & പേയ്മെന്റ് | ഇൻകം & എക്സ്പെൻഡീച്ചർ |
| മുന്നിരിപ്പ് | 9010711 | 8809506 | 8809506 | |
| വരവ് | 231604616 | 111460563 | 56883399 | 53410163 |
| ആകെ | 240615327 | 120270069 | 65692905 | |
| ചെലവ് | 232726616 | 116499873 | 59591333 | 46804074 |
| നീക്കിയിരിപ്പ് | 7888711 | 3770196 | 6101572 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീറ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8809506 | |
| വരവ് | 56883399 | 53410163 |
| ആകെ | 65692905 | |
| ചെലവ് | 59591333 | 46804074 |
| നീക്കിയിരിപ്പ് | 6101572 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 13502600 | 13502600 | 13322088 | 0 | 180512 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 9741400 | 9741400 | 9708650 | 0 | 32750 |
| വികസന ഫണ്ട് -റ്റി,എസ്.പി | 0 | 58600 | 58600 | 27400 | | 31200 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3884333 | 2159500 | 6043833 | 4705070 | 1338763 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 91011 | 2879000 149(സ്പിൽ ഓവർ) 96870(പലിശ) | 3067030 | 1448018 | 1619012 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ് | 0 | 6696000 | 6696000 | 6696000 | 0 | 0 |
| നിർമൽ പുരസ്കാർ | 170478 | 4233 | 174711 | 0 | 174711 | 0 |
| ഹെൽത്ത് ഗ്രാന്റ് | 3950734 | 104844 | 4055578 | 2279084 | 1776494 | 0 |
| പി.എം.എ.വൈ - ബ്ലോക്ക് | 68379 | 1727 | 70106 | 0 | 70106 | 0 |
| പി.എം.എ.വൈ – ജില്ലാ ഗ്രാമപഞ്ചായത്ത് | 18457 | 465 | 18922 | 0 | 18922 | 0 |

## 1-5 പദ്ധതി അവലോകനം

2025-26 വർഷം ബ്ലോക്ക് പഞ്ചായത്തിന് അംഗീകാരം ലഭിച്ച 117 പ്രോജക്കുകളിൽ 88 എണ്ണം നടപ്പിലാക്കി (75.2%). വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്കുകളുടെ വകയിരുത്തലും ചെലവും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു-

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്കുകളുടെ എണ്ണം | | | വകയിരുത്തിയ തുക | നിർവ്വഹിച്ച പ്രോജക്കുകളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | പുതിയത് | സ്പിൽ ഓവർ | ആകെ | | പുതിയത് | സ്പിൽ ഓവർ | ആകെ | | |
| സെക്രട്ടറി | 30 | 20 | 50 | 59685077 | 22 | 12 | 34 | 28340121 | 47.48 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 3 | 2 | 5 | 10387763 | 2 | 2 | 4 | 1834508 | 17.66 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 15 | 15 | 30 | 19307958 | 7 | 13 | 20 | 10008596 | 51.84 |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 7 | 1 | 8 | 2621017 | 7 | 1 | 8 | 2096670 | 79.9 |
| പട്ടികജാതി വികസന ഓഫീസർ | 4 | 2 | 6 | 5445000 | 3 | 2 | 5 | 3601017 | 66.13 |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | 3 | 0 | 3 | 1500000 | 3 | 0 | 3 | 1317246 | 87.81 |
| ഡെയറി എക്സ്റ്റൻഷൻ | 5 | 0 | 5 | 2422000 | 5 | 0 | 5 | 2205427 | 91.06 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ഓഫീസർ | | | | | | | | |
| മെഡിക്കൽ ഓഫീസർ, സാമൂഹിക ആരോഗ്യ കേന്ദ്രം | 4 | 3 | 7 | 3465690 | 4 | 3 | 7 | 2649671 | 76.45 |
| വ്യവസായ വികസന ഓഫീസർ | 1 | 0 | 1 | 1856250 | 0 | 0 | 0 | 0 | 0 |
| സൂപ്രണ്ട്, മഹിളാമന്ദിരം & സൂപ്രണ്ട്, വൃദ്ധസദനം | 2 | 0 | 2 | 420000 | 2 | 0 | 2 | 420000 | 100 |
| | **74** | **43** | **117** | **107110755** | **55** | **33** | **88** | **52473256** | **48.98** |

മേഖല തിരിച്ചുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| **പൊതുവിഭാഗം** ഉല്പാദനം | 7 | 6 | 5578250 | 3376045 | 60.52 |
| സേവനം | 78 | 62 | 66564905 | 33538728 | 50.38 |
| പശ്ചാത്തലം | 10 | 5 | 12867734 | 3062433 | 23.79 |
| **പട്ടികജാതി വിഭാഗം** സേവനം | 12 | 8 | 17391017 | 9533622 | 54.82 |
| പശ്ചാത്തലം | 8 | 6 | 4598849 | 2935028 | 63.82 |
| **പട്ടികവർഗ്ഗ വിഭാഗം** സേവനം | 2 | 1 | 110000 | 27400 | 24.9 |
| **ആകെ** | **117** | **88** | **107110755** | **52473256** | **48.98** |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിട്ട്സ് കെ-സ്മാർട്ട് മുഖേന കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ തൃപ്തികരമായി പരിപാലിച്ചിട്ടുണ്ട്.

പദ്ധതിച്ചെലവ് കേവലം 49 ശതമാനമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി എന്നിവരുടെ ചെലവ് ശതമാനം കുറവാണ്. പ്രോജക്ടുകൾ തൻവർഷം തന്നെ പൂർത്തീകരിക്കാതെ സ്പിൽ ഓവറാക്കാനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കുന്നുണ്ടോ എന്ന് മോണിറ്റർ ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളുടെ അനുമതി വാങ്ങാതെയാണ് ആ സ്ഥാപനങ്ങളുടെ പരിധിയിലുള്ള കുടിവെള്ള പ്രോജക്ട്, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, അങ്കണവാടികൾക്ക് കുഴൽകിണർ നിർമ്മാണം എന്നിവ ഡെപ്പോസിറ്റ് പ്രവൃത്തികളായി നടപ്പിലാക്കിയത്.
പ്രൊക്യുയർമെന്റ് നടപടിക്രമങ്ങളിൽ അപാകങ്ങൾ ഉണ്ടായിട്ടുണ്ട്. സി.എച്ച്.സി-യിലേക്ക് വാങ്ങിയ ലാപ്ടോപ്പുകൾ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ജെം മുഖേന വാങ്ങിയപ്പോൾ കംപാരിസൺ രീതി അവലംബിച്ചില്ല. പ്രൊക്യുയർമെന്റ് കമ്മിറ്റി ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. അപാകങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.07.2026 തീയതിയിൽ 11.30 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.8.2013 | 2012-13 | 11.10.2013 |
| പെർഫോമൻസ് ഓഡിറ്റ് | 18.1.2022 മുതൽ 20.1.2022 വരെയും 4.2.2022-ലും | 2019-20, 12/2021 | 22.4.2022 |

## 1-9 ബ്ലോക്ക് പഞ്ചായത്ത് കാര്യാലയ കെട്ടിട നിർമ്മാണം സ്തംഭനാവസ്ഥയിൽ

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം (104/24) |
| വകയിരുത്തിയ തുക | 2000000/- (തനത് ഫണ്ട്) |
| ചെലവ് | ഇല്ല |

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം (105/25) |
| വകയിരുത്തിയ തുക | 355232/- (വികസന ഫണ്ട് - ജനറൽ)<br>2952000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>6000000/- (തനത് ഫണ്ട്) |
| ചെലവ് | **355232/-**<br>BRN 24050563014401218207/23.1.2025<br>**2952000/-**<br>PFMS-R102408583300/30.10.2024 - 1503621/-<br>PFMS-R022505978521/20.2.2025 - 1348379/-<br>PFMS-R032409427213/6.3.2025 - 100000/-<br>**972757/-**<br>ചെക്ക് നം. 6061364/7.3.2025- 472757/-<br>ചെക്ക് നം. 6061338/4.11.2024 - 500000/- |

| | |
|---|---|
| പദ്ധതിയുടെ പേര്, നമ്പർ | ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുതിയ കെട്ടിട നിർമ്മാണം (115/26) |
| വകയിരുത്തിയ തുക | 4395888/- (തനത് ഫണ്ട്)<br>2550000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | ഇല്ല |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ആവിഷ്കരിച്ച പ്രോജക്ടാണ് ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുതിയ കെട്ടിടനിർമ്മാണം. നിലവിലെ പഞ്ചായത്ത് കെട്ടിടത്തിന്റെ പുറകുവശത്തായിട്ടാണ് മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നത്. 472.5 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടവും 135.7 ച.മീറ്റർ വിസ്തൃതിയിൽ പാർക്കിംഗ് ഏരിയയുമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്.

12500000 രൂപയുടെ എസ്റ്റിമേറ്റാണ് കെട്ടിട നിർമ്മാണത്തിനുള്ളത്. ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തത് ശ്രീ. ഗോപാലകൃഷ്ണൻ എൻ പി എന്നയാളാണ്. 9.2.2024-ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം 9510912.69 രൂപ കോട്ട് ചെയ്ത ടിയാളുടെ ടെണ്ടർ അംഗീകരിക്കുകയും,

12.2.2024-ന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. 14.2.2024-ന് ടിയാനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി 13.8.2025-നകം പൂർത്തീകരിക്കേണ്ടതായിരുന്നു.

സമയബന്ധിതമായി നിർമ്മാണം നടത്തുന്നതിൽ കരാറുകാരന്റെ ഭാഗത്ത് നിന്നും വിഴ്ച വരുത്തിയതിനെ തുടർന്ന് 2.7.2025-ൽ ടിയാൾക്ക് രേഖാമൂലം കത്ത് നൽകി. 2/2024-ൽ കോളം നിർമ്മിക്കുന്നതിന് സ്ഥാപിച്ചിട്ടുള്ള കമ്പികൾ തുരുമ്പെടുക്കാതിരിക്കാൻ പെയിന്റ് ചെയ്ത് സംരക്ഷിക്കണമെന്നും കരാർ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ തുടർനടപടികൾ സ്വീകരിക്കുമെന്നും അറിയിച്ച് കത്ത് നൽകിയിട്ടും കരാറുകാരന്റെ ഭാഗത്ത് നിന്നും യാതൊരു നടപടിയും സ്വീകരിച്ചില്ല. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സമയം ദീർഘിപ്പിച്ച് തരാൻ അഭ്യർത്ഥിച്ചത് പ്രകാരം 0.1% ഫൈൻ ഈടാക്കി (52963/-) സപ്ലിമെന്ററി കരാറിന്റെ അടിസ്ഥാനത്തിൽ കാലാവധി 31.12.2025 വരെ നീട്ടി നൽകി.

സപ്ലിമെന്ററി കരാറിന്റെ കാലയളവിലും ടിയാൻ പ്രവൃത്തി വളരെ നാമമാത്രമായാണ് ചെയ്തിട്ടുള്ളത്. തുടർന്ന് 9.2.2026-ൽ കരാറുകാരനെ നേരിൽ കേൾക്കുകയും ഏഴ് ദിവസത്തിനുള്ളിൽ പ്രവൃത്തി പുനരാരംഭിക്കണമെന്നും 20.3.2026-നുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് നൽകണമെന്നും രേഖാമൂലം അറിയിക്കുകയും ചെയ്തു. പ്രസ്തുത കാലാവധിയ്ക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം ടിയാനെ നിർമ്മാണ പ്രവൃത്തികളിൽ നിന്നും ഒഴിവാക്കി നിയമനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി 9.3.2026-ലെ 1(1)-ാം നമ്പർ പ്രകാരം തീരുമാനമെടുത്തു.

ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം സംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ 2026-27 വർഷത്തെ പദ്ധതികൾക്ക് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടില്ലെന്നും, പ്രസ്തുത പദ്ധതി സ്പിൽ ഓവറാക്കി അനുമതി ലഭിച്ചതിന് ശേഷം ടിയാളെകൊണ്ട് ബാക്കി പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതാണ് എന്ന് പ്രസിഡന്റും അസിസ്റ്റന്റ് എഞ്ചിനീയറും അറിയിച്ചു. രണ്ട് തവണ കരാർ ദീർഘിപ്പിച്ച് നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ കേരളാ പൊതുമരാമത്ത് വകുപ്പ് മാനുവലിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.



പണി പൂർത്തീകരിക്കാത്ത ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം

## 1-10 സി.എച്ച്.സി.-യിലേക്ക് ലാപ്പ്ടോപ്പുകൾ വാങ്ങിയത് നടപടിക്രമങ്ങൾ പാലിക്കാതെ.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിച്ച് സി.എച്ച്.സി-യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കിയിരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 126/26 | 800000 (ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ്) | 195866 |

2024-25-ൽ ആവിഷ്ക്കരിച്ച പദ്ധതി(153/25) പൂർത്തീകരിക്കാത്തതിനെത്തുടർന്ന് 2025-26-ൽ സ്പിൽ

ഓവറായി നടപ്പിലാക്കുകയായിരുന്നു. പദ്ധതി പ്രകാരം കെ.എം.ടെക്നോളജീസ്, കോട്ടയം എന്ന സപ്ലൈയറിൽ നിന്നും GEM മുഖേന ചുവടെ കൊടുത്തിരിക്കുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഉപകരണത്തിന്റെ വിവരങ്ങൾ | എണ്ണം | വില |
|---|---|---|---|
| 1 | ലാപ്പ്ടോപ്പ് എയ്സർ | 3 | 149976 |
| 2 | റഫ്രിജറേറ്റർ-എൽ.ജി. | 1 | 45890 |
| | ആകെ | | 195866 |

പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സി.പി.ആർ.സി.എസ്. മുഖേന മാത്രം വാങ്ങുന്നത് 18.03.2019-ലെ ഐ.ടി.സെൽ-1/26/2019/വി.സ.വ നമ്പർ സർക്കുലറിലൂടെ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ സി.പി.ആർ.സി.എസ് മുഖേനയല്ല ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്.

2. കെ.എം. ടെക്നോളജീസ് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും ജെം മുഖേന HP 240R G10 I3 14" മോഡൽ ലാപ്പ്ടോപ്പ് മൂന്നെണ്ണം വാങ്ങിയിട്ടുണ്ട്. ആവശ്യമായ ഗുണനിലവാരവും സ്പെസിഫിക്കേഷനും വിതരണ കാലയളവും അനുയോജ്യമാണെങ്കിൽ കുറഞ്ഞത് മൂന്ന് വ്യത്യസ്ത വിതരണക്കാരിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാരനിൽ നിന്നും L1 കമ്പാരിസൺ രീതിയിൽ 50000 രൂപ മുതൽ 1000000രൂപ വരെ വില വരുന്ന സാധനങ്ങൾ GEM മുഖേന വാങ്ങാവുന്നതാണ്. എന്നാൽ L1 കമ്പാരിസൺ രീതിയ്ക്ക് പകരം GEM-ൽ നിന്നും നേരിട്ടാണ് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. L1 കമ്പാരിസൺ രീതിയിൽ ഒറ്റ പർച്ചേസായി നടത്തുന്നതിന് പകരം 50000 രൂപയിൽ താഴെയുള്ള 3 പർച്ചേസുകളായാണ് മൂന്ന് ലാപ്പ്ടോപ്പുകൾ വാങ്ങിയിട്ടുള്ളത്. 50000 രൂപ വരെയുള്ള സാധനങ്ങളും സേവനങ്ങളും GEM-ൽ ലഭ്യമായ ഏതൊരു വിതരണക്കാരിൽ നിന്നും നേരിട്ടുവാങ്ങാൻ സാധിക്കുന്നതാണ്. പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തി ഒരു പ്രത്യേക വിതരണക്കാരനിൽ നിന്നും ഉപകരണങ്ങൾ നേരിട്ടു വാങ്ങുന്നതിനാണ് ഇത്തരം നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3. 2026 ജനുവരിയിൽ സപ്ലൈ ചെയ്ത ലാപ്പ്ടോപ്പുകൾ നാളിതുവരെയായിട്ടും പാക്കറ്റുകൾ തുറക്കാത്ത നിലയിൽ സി.എച്ച്.സി.-യിലെ അലമാരയിൽ സൂക്ഷിച്ചിട്ടുള്ളതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു. സപ്ലൈ ചെയ്ത ലാപ്പ്ടോപ്പുകൾ പ്രവർത്തനക്ഷമവും ആവശ്യപ്പെട്ട സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളതും ആണെന്ന് പരിശോധിച്ച് ഉറപ്പാക്കുക പോലും ചെയ്തിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (5/16.07.2024) നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് പദ്ധതി അടിയന്തിരമായി ആരംഭിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും അറിയിച്ചതിനാലാണ് GEM-ൽ നിന്നും വാങ്ങലുകൾ നടത്തിയതെന്നും ഇ-ഹെൽത്തുമായി ബന്ധപ്പെട്ട ട്രെയിനിംഗ് 21.07.2026, 22.07.2026, 23.07.2026 തീയതികളിലാണ് ക്രമീകരിച്ചിരുന്നതെന്നും ട്രെയിനിംഗിന് ലാപ്പ്ടോപ്പുകൾ ഉപയോഗിക്കുകയും 01.08.2026 മുതൽ ഇ-ഹെൽത്ത് ആരംഭിക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. GEM മുഖേനയുള്ള വാങ്ങലിന് സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളും GEM പോർട്ടലിലെ പൊതുമാർഗ്ഗനിർദ്ദേശങ്ങളും കർശനമായും പാലിക്കേണ്ടതാണെന്നും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ചയോ മന:പൂർവ്വമായ വ്യതിയാനമോ ഉണ്ടാകുന്നത് ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണെന്നും 25.11.2021-ലെ എസ്.പി.ഡി.-എ2/61/2021 നമ്പർ സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ സംബന്ധിച്ച് ഭരണ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-11 സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി വാഹന ഇൻഷുറൻസ് പുതുക്കി

സെക്രട്ടറിയുടെ പേരിലുള്ള KL-03-V-7783 നമ്പർ ബൊലേറോ വാഹനത്തിന്റെ 08.09.2025 മുതൽ 07.09.2026 വരെയുള്ള കാലയളവിലെ ഇൻഷുറൻസ് പ്രീമിയം ഇനത്തിൽ ജെറി മാത്യു സാം എന്ന വ്യക്തിയ്ക്ക് 12.09.2025-ൽ 12246രൂപ അനുവദിച്ചിട്ടുണ്ട് (ചെക്ക് നം. 6061396/12.09.2025). യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയിൽ നിന്നുമാണ് വാഹനത്തിന് ഇൻഷുറൻസ് എടുത്തിട്ടുള്ളത്. എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ വാഹനങ്ങൾക്കുള്ള എല്ലാവിധ ഇൻഷുറൻസ് പോളിസികളും കേരളാ സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് 10.01.2024-ലെ 02/2024/ധന നമ്പർ സർക്കുലറിലൂടെ കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവർത്തിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിന് 6/16.07.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അടിയന്തിരമായി വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം -കരാർ വ്യവസ്ഥകൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് പേര്/ നമ്പർ | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം (72/26) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ശിശു വികസന പദ്ധതി ഓഫീസർ |
| അടങ്കൽ | 450000 (വികസന ഫണ്ട്- ജനറൽ) |
| ചെലവ് | 321030 |
| ബിൽ നമ്പർ | 250505630139012664 32/ 09.02.26 |

2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂട്ടർ ഓടിക്കുന്നതിന് കഴിവുള്ളയാൾ ആണെന്ന് ഡോക്ടറിന്റെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ കെൽട്രോണിൽ നിന്ന് വാങ്ങി നൽകിയാണ് പദ്ധതി നടപ്പാക്കിയത്. നാല് ഗുണഭോക്താക്കളെ പദ്ധതിയിലുൾപ്പെടുത്തിയതനുസരിച്ച് മൂന്ന് പേർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. (*ഒരാൾക്ക് 2026-27 വർഷം* ട്രൈസ്കൂട്ടർ *നൽകുന്നതിന് പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുള്ളതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു.*) ട്രൈസ്കൂട്ടർ ലഭിച്ച മൂന്ന് ഗുണഭോക്താക്കൾക്കും നാളിതുവരെ ടി വാഹനം ഓടിക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് നൽകുന്ന പ്രത്യേക ലൈസൻസ് ലഭിച്ചിട്ടില്ല. വാഹനം ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് വിവരം |
|---|---|
| 1 | സുരേഷ്, പുത്തൻവിളയിൽ, കുഴിമുറി, പ്രക്കാനം |
| 2 | സുരേഷ് കുമാർ, പാരിപ്പള്ളിൽ മുടക്കേനിക്കൽ, ചെന്നീർക്കര |
| 3 | നിതിൻ സി.ആർ, ചിറയത്ത് ചരിവ് പുരയിടം, ആലുങ്കൽ, നാരങ്ങാനം |

ആറ് മാസത്തിനകം മോട്ടോർവാഹനവകുപ്പ് നൽകുന്ന പ്രത്യേക ലൈസൻസ് എടുത്തുകൊള്ളാം എന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് സ്കൂട്ടർ നൽകിയിട്ടുള്ളത്. എന്നാൽ ടി വ്യക്തികൾക്ക് നാളിതുവരെ ലൈസൻസ് ലഭിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ലൈസൻസ് ലഭ്യമാക്കുന്നതിന് ഉടൻ തന്നെ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (1/13.07.26) മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭ്യമാക്കുന്നതുവരെ പദ്ധതിക്കായി ചെലവഴിച്ച 321030 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-13 പഠനമുറി-ധനസഹായം കൈപ്പറ്റിയവർ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിലായി പഠനമുറി നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഇപ്പോഴും നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവരുണ്ട്. 2018-19 മുതൽ ധനസഹായം കൈപ്പറ്റിയവർ ഇക്കൂട്ടത്തിലുണ്ട്. അവരെക്കൊണ്ട് നിർമ്മാണം പൂർത്തീകരിക്കുന്നതിനോ നിർമ്മാണം പൂർത്തിയാക്കാത്തവരിൽ നിന്നും അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനോ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. 2024-25 വരെ ധനസഹായം കൈപ്പറ്റിയവരിൽ നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരങ്ങൾ | ആരംഭിച്ച വർഷം | നാളിതുവരെ അനുവദിച്ച തുക | അവസാനം തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ഗോകുൽ എം. ആർ. S/O രാധാകൃഷ്ണൻ എം.കെ. മുറിപ്പാറ മാടുമേച്ചിലിൽ, കടമ്മനിട്ട പി.ഒ. | 2018-19 | 150000 | 29.10.2019 |
| 2 | നന്ദു വിജയകുമാർ S/O സജിത കെ.കെ. മറുകരപറമ്പിൽ, ഇലന്തൂർ | 2019-20 | 150000 | 24.08.2020 |

| | | | | |
|---|---|---|---|---|
| 3 | ആരോമൽ എസ്. സന്തോഷ് S/O സന്തോഷ് പി.എ.<br>പാറയിൽ വീട്, നാരങ്ങാനം | 2019-20 | 150000 | 06.02.2020 |
| 4 | രജിൻ രാജേഷ് S/O രാധാമണി കെ.ബി.<br>അഴകത്തു മേലേതിൽ, നാരങ്ങാനം | 2022-23 | 125000 | 17.01.2023 |
| 5 | കൃഷ്ണപ്രിയ D/O ഇന്ദു എസ്.<br>പുതുവേലിൽ പുത്തൻവീട്, ഓമല്ലൂർ | 2022-23 | 125000 | 20.02.2023 |
| 6 | അജിൻ പി.ബി. S/O സുജിത സി. സുകുമാരൻ<br>തുണ്ടിയിൽ അജി ഭവൻ, മല്ലപ്പുഴശ്ശേരി | 2022-23 | 125000 | 20.02.2023 |
| 7 | ദീപു സുനിൽ S/O സുനിൽ റ്റി. എൻ.<br>തെക്കേക്കര മേമുറിയിൽ, നാരങ്ങാനം വെസ്റ്റ് | 2023-24 | 170000 | 09.05.2024 |
| 8 | അർജ്ജുൻ എസ്.റ്റി. S/O ശ്രീലേഖ പി.എസ്.<br>അർജ്ജുൻ ഭവൻ, പ്രക്കാനം പി.ഒ.<br>തേപ്പുകല്ലുങ്കൽ | 2023-24 | 170000 | 09.05.2024 |
| 9 | ആർദ്ര സുനിൽ D/O പി.കെ. സുനിൽകുമാർ<br>പറക്കാവിൽ, പുന്നയ്ക്കാട് പി.ഒ.<br>കർത്തവ്യം, മല്ലപ്പുഴശ്ശേരി | 2024-25 | 170000 | 10.02.2025 |
| 10 | അമൃത കൃഷ്ണ D/O അജീഷ് കൃഷ്ണൻ<br>കടവന്ത്ര തുണ്ടിയിൽ, ഒന്തേക്കാട് | 2024-25 | 170000 | 12.03.2025 |
| 11 | നിത്യ നിതിൻ D/O നിതിൻ സി. ആർ.<br>ചിറയത്ത് ചരിവ് പുരയിടം<br>ആലുങ്കൽ നാരങ്ങാനം. | 2024-25 | 60000 | 27.01.2025 |

ധനസഹായം അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കാതെയിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടും നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച്ച വരുത്തിയ ഗുണഭോക്താക്കൾക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കുന്നതിനും 4/16.07.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എല്ലാ ഗുണഭോക്താക്കൾക്കും നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയ്ക്ക് അനുസൃതമായി മാത്രമാണ് ധനസഹായം നൽകിയിട്ടുള്ളതെന്നും എഗ്രിമെന്റ് കാലാവധി അവസാനിച്ചിട്ടും പണി പൂർത്തീകരിക്കാത്ത എല്ലാ ഗുണഭോക്താക്കളും കൈപ്പറ്റിയ തുക തിരികെ അടയ്ക്കാൻ അവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. വർഷങ്ങളായി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനായി ഭരണസമിതിയുടെ തീരുമാനം ആരാഞ്ഞിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മേൽപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ 6 ഗുണഭോക്താക്കളുടെ വിവരങ്ങൾ മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുള്ളതാണ്. അന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഇതേ മറുപടി തന്നെ ലഭ്യമാക്കിയിരുന്നെങ്കിലും കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

വീഴ്ച്ച വരുത്തിയ ഗുണഭോക്താക്കളെക്കൊണ്ട് പഠനമുറി നിർമ്മാണം അടിയന്തിരമായി

പൂർത്തിയാക്കുന്നതിനോ അല്ലാത്തപക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 വിവിധ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാനുള്ളത് 1.79 കോടി

വിവിധ നിർവഹണ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകയിൽ നാളിതുവരെ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക വാർഷിക ധനകാര്യ പത്രിക പ്രകാരം 17991574 രൂപയാണ്. വിശദാംശം ചുവടെ ചേർക്കുന്നു

| നിർവഹണ ഏജൻസി | നൽകിയ തുക |
|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 8265997 |
| കേരള വാട്ടർ അതോറിറ്റി | 7707667 |
| ഭൂജല വകുപ്പ് | 1622910 |
| പൊതുമരാമത്ത് വകുപ്പ് | 395000 |
| **ആകെ** | **17991574** |

പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും തുക ക്രമീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/15.07.26), നിർവ്വഹണ ഏജൻസികൾക്ക് കത്ത് നൽകിയതായി മറുപടി നൽകി. വിനിയോഗസാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മുൻകൂർ ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

13.11.1970-ലെ സ.ഉ.(പി.) 803/70/ധന നമ്പർ ഉത്തരവ്, 02.08.2008-ലെ 41/2008/ധന നമ്പർ സർക്കുലർ, കേരള ഫിനാൻസ്യൽ കോഡ് വാല്യം 1. ആർട്ടിക്കിൾ 324 എന്നിവ പ്രകാരം സർക്കാർ വാഹനങ്ങളുടെ ലോഗ് ബുക്കിൽ എല്ലാ മാസാവസാനത്തെ ഇന്ധന ഉപഭോഗത്തിന്റെ ഒരു സംഗ്രഹം രേഖപ്പെടുത്തേണ്ടതുണ്ട്. ഇതിൽ മാസാരംഭത്തിലെ കിലോമീറ്റർ റീഡിംഗ്, മാസാവസാനത്തെ കിലോമീറ്റർ റീഡിംഗ്, ആകെ ഓടിയ ദൂരം, ടാങ്കിലെ പ്രാരംഭ ഇന്ധനത്തിന്റെ അളവ്, വാങ്ങിയ ഇന്ധനം, ഉപയോഗിച്ച ഇന്ധനം, ടാങ്കിലെ ബാക്കി ഇന്ധനത്തിന്റെ അളവ് എന്നിവ ഉൾപ്പെടുത്തിയിരിക്കണം. എന്നാൽ സെക്രട്ടറി കസ്റ്റോഡിയനായിട്ടുള്ള KL-03-V-7783 നമ്പർ മഹീന്ദ്ര ബൊലേറോ വാഹനത്തിന്റെ ലോഗ് ബുക്കിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി വരുന്നില്ല. തൻമൂലം വാഹനത്തിന്റെ ടാങ്കിൽ നീക്കിയിരിപ്പുള്ള ഇന്ധനത്തിന്റെ അളവ് മനസ്സിലാക്കുന്നതിനും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി നിശ്ചയിച്ചിട്ടുള്ള ഇന്ധനക്ഷമത വാഹനത്തിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സാധിച്ചില്ല. ഇത് ഇന്ധന ഉപയോഗത്തിലെ സുതാര്യതയില്ലായ്മയ്ക്ക് കാരണമാകുകയും ക്രമക്കേടിന് സാഹചര്യമൊരുക്കുകയും ചെയ്യും എന്ന് വിലയിരുത്തുന്നു.

ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/16.07.2026) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പാറ പൊട്ടിച്ചു നീക്കാൻ നടപടികൾ സ്വീകരിക്കാതെ റോയൽറ്റി തുക മുൻകൂറായി ഒടുക്കി

ഇലന്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് നിന്നും 219.90 ക്യു.മീ. മണ്ണും 265.687 ക്യു.മീ. പാറയും നീക്കം ചെയ്യുന്നതിനുള്ള റോയൽറ്റി ഇനത്തിൽ 49474 രൂപ (17592+31882) 25.04.2025-ൽ മൈനിംഗ് & ജിയോളജി വകുപ്പിൽ ഒടുക്ക് വരുത്തിയിരുന്നു. എന്നാൽ 219.90 ക്യു.മീ. മണ്ണും മുറിച്ച് മാറ്റി സ്റ്റോക്ക് ചെയ്തിരുന്ന 165.04 ക്യു.മീ. പാറയും മാത്രമാണ് ലേലം ചെയ്ത് നൽകിയിരുന്നത്. ആയത് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ട്രാൻസിറ്റ് പാസ്സ് വാങ്ങി 2025 ഏപ്രിൽ, മെയ് മാസങ്ങളിലായി നീക്കം ചെയ്തിട്ടുള്ളതുമാണ്. നീക്കം ചെയ്ത മണ്ണിന്റെയും പാറയുടെയും റോയൽറ്റി തുക കരാറുകാരൻ ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. 100.647ക്യു.മീ. പാറ കൂടി പൊട്ടിച്ചു മാറ്റാൻ ബാക്കിയുണ്ട്. ആയതിന്റെ റോയൽറ്റി തുകയായ 12077.64 രൂപ കൂടി മുൻകൂറായി ഒടുക്ക് വരുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള പാറ പൊട്ടിച്ചു നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് 7/16.07.2026 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റോയൽറ്റി മുൻകൂറായി ഒടുക്ക് വരുത്തിയിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 സി.എച്ച്.സി-യിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇലന്തൂർ സി.എച്ച്.സി.-യിലേക്ക് മരുന്നു വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ പണം മുൻകൂർ ഒടുക്കിയിരുന്നു. എന്നാൽ നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെയും പേരും നമ്പരും | KMSCL-ന് മുൻകൂർ നൽകിയ തുക | ബിൽ നം./തീയതി | ലഭ്യമായ മരുന്നിന്റെ വില | ലഭിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 45/26, ഇലന്തൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ | 1000000 | 2505056301420082283З/18.11.2025 | 281091 | 718909 |

ബാക്കി മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പഞ്ചായത്തിന്റെ അനുവാദമില്ലാതെ നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കി

ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുൾപ്പെടുന്ന വിവിധ ഗ്രാമപ്പഞ്ചായത്തുകളുടെ പരിധിയിൽ ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കിയത് ആ സ്ഥാപനങ്ങളുടെ പദ്ധതി നിർദ്ദേശം വാങ്ങാതെയാണ്. ഓഡിറ്റ് വർഷം നിർവഹിച്ച നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വൈദ്യുത ലൈൻ നീട്ടൽ (20/26) | 1348631/- | - | 1348631/- | 2505056301380018608З/10.6.25 |
| | | 34130/- | - | 34130/- | 25050563013800337190/16.7.25 |
| | | 54500/- | - | 54500/- | 25050563013800397872/30.7.25 |
| | | 1397904/- | - | 1397904/- | XVFC/2025-26/ P/48/28.2.26 |
| | | 49965/- | - | 49965/- | XVFC/2025-26/ P/55/18.3.26 |
| ഭൂജല വകുപ്പ് | അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം (84/26) | 55910/- | - | 55910/- | XVFC/2025-26/ P/44/11.2.26 |
| | | 311090/- | - | 311090/- | XVFC/2025-26/ P/45/11.2.26 |
| | | 13545/- | - | 13545/- | XVFC/2025-26/ P/54/12.3.26 |
| കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി (25/26) | 1700000/- | - | 1700000/- | XVFC/2025-26/ P/30/18.7.25 |
| | | 200000/- | - | 200000/- | XVFC/2025-26/ P/31/21.7.25 |

ആവർത്തനം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കണക്കിലെടുത്ത് വേണം ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതി തയ്യാറാക്കേണ്ടത് എന്ന് ത്രിതല പഞ്ചായത്തുകൾ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് 19.4.2022-ലെ സ.ഉ(കൈ) നമ്പർ 84/2022/തസ്വഭവ നമ്പരായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച നിക്ഷേപ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നും രേഖാമൂലമുള്ള അനുമതിയോ പദ്ധതി നിർദ്ദേശമോ വാങ്ങിയിട്ടില്ല.
ഇതേ പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്തുകൾ പദ്ധതി ഏറ്റെടുത്തിട്ടില്ല എന്ന സാക്ഷ്യപത്രം അതാത് ഗ്രാമപ്പഞ്ചായത്തുകളിൽ നിന്ന് വാങ്ങേണ്ടതും പ്രവൃത്തികളുടെ പൂർത്തീകരണം ആ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. തുക ഡെപ്പോസിറ്റ് ചെയ്തതും സമഗ്ര കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടതുമായ പ്രവൃത്തികൾ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതും ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്തുകൾ മുഖേന ഉറപ്പാക്കേണ്ടതാണ്. അതുവരെ നിക്ഷേപിച്ച തുകയായ 5155575 രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2025-26 | 7.7.2026 & 8.7.2026 | കെ.എസ്.എ.പിറ്റിഎ.പി12-801/26/ 06/08/2026 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| പ്രോജക്ടിന്റെ പേര്/ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|
| PMAY(G)- ജനറൽ- ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (52/26) | നാരങ്ങാനം ഗ്രാമപഞ്ചായത്ത് | 910000 | 910000 | 0 |
| | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 700000 | 700000 | 0 |
| | ഇലന്തൂർ ഗ്രാമപഞ്ചായത്ത് | 560000 | 560000 | 0 |
| | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | 210000 | 210000 | 0 |
| | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 70000 | 70000 | 0 |
| PMAY(G)- പട്ടികജാതി- ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (53/26) | ഇലന്തൂർ ഗ്രാമപഞ്ചായത്ത് | 420000 | 420000 | 0 |
| | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 280000 | 280000 | 0 |
| | നാരങ്ങാനം ഗ്രാമപഞ്ചായത്ത് | 140000 | 140000 | 0 |
| | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | 70000 | 70000 | 0 |
| | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 70000 | 70000 | 0 |
| | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | 16000 | 16000 | 0 |
| PMAY(G)- ജനറൽ- ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (90/26) | മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് | 420000 | 420000 | 0 |
| | ചെറുകോൽ ഗ്രാമപഞ്ചായത്ത് | 420000 | 420000 | 0 |
| | കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | 350000 | 350000 | 0 |
| | നാരങ്ങാനം ഗ്രാമപഞ്ചായത്ത് | 210000 | 210000 | 0 |

| | | | | |
|---|---|---|---|---|
| | ഓമല്ലൂർ ഗ്രാമപഞ്ചായത്ത് | 210000 | 210000 | 0 |
| | ചെന്നീർക്കര ഗ്രാമപഞ്ചായത്ത് | 140000 | 140000 | 0 |
| PMAY- ജനറൽ ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (52/26) | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 3920000 | 3920000 | 0 |
| PMAY- പട്ടികജാതി ഗുണഭോക്താക്കൾക്ക് വിഹിതം നൽകൽ (53/26) | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 1764000 | 1764000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി (25/26) | പത്തനംതിട്ട ജില്ലാ പഞ്ചായത്ത് | 440000/- | 440000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ ചെയ്യുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | ബിൽ നം./ തീയതി |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വൈദ്യുത ലൈൻ നീട്ടൽ (20/26) | 1348631/- | - | 1348631/- | 25050563013800186083/10.6.25 |
| | | 34130/- | - | 34130/- | 25050563013800337190/16.7.25 |
| | | 54500/- | | 54500/- | 25050563013800397872/30.7.25 |
| | | 1397904/- | - | 1397904/- | XVFC/2025-26/ P/48/28.2.26 |
| | | 49965/- | - | 49965/- | XVFC/2025-26/ P/55/18.3.26 |
| ഭൂജല വകുപ്പ് | അംഗൻവാടികളിൽ കുഴൽ കിണർ നിർമ്മാണം (84/26) | 55910/- | - | 55910/- | XVFC/2025-26/ P/44/11.2.26 |
| | | 311090/- | - | 311090/- | XVFC/2025-26/ P/45/11.2.26 |
| | | 13545/- | - | 13545/- | XVFC/2025-26/ P/54/12.3.26 |
| ഭൂജല വകുപ്പ് | ബ്ലോക്ക് പഞ്ചായത്ത് പുതിയ കെട്ടിടത്തിന് കുഴൽ കിണർ നിർമ്മാണവും പമ്പിംഗ് സ്കീം നടപ്പാക്കലും (91/26) | 138910/- | - | 138910/- | XVFC/2025-26/ P/32/12.8.25 |
| ഭൂജല വകുപ്പ് | ഇലന്തൂർ സി.എച്ച്.സി- യ്ക്ക് കുഴൽ കിണർ നിർമ്മാണവും പമ്പിംഗ് സ്കീം നടപ്പാക്കലും (26/26) | 1935/- | - | 1935/- | XVFC/2025-26/ P/29/16.7.25 |
| | | 198065/- | - | 198065/- | XVFC/2025-26/ P/35/4.11.25 |
| കേരള വാട്ടർ അതോറിറ്റി | ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സമഗ്ര കുടിവെള്ള പദ്ധതി (25/26) | 1700000/- | - | 1700000/- | XVFC/2025-26/ P/30/18.7.25 |
| | | 200000/- | - | 200000/- | XVFC/2025-26/ P/31/21.7.25 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 15 | 2003-04 | മറ്റ് പരാമർശങ്ങൾ | നാരങ്ങാനം പഞ്ചായത്ത് - അതുല്യാ ആർട്ട്സ് ക്ലബ് കെട്ടിട നിർമ്മാണം- അംഗീകരിക്കാത്ത തുക (50475) | മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു. കൂടാതെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹാജരാകാതിരുന്നതും, മറുപടി യഥാസമയം ലഭ്യമാക്കാതിരുന്നതും സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. |
| 2007-08 | 3-1 | 2010-11 | 5.2.16(1) | വൈദ്യുതി ഇല്ല - ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്യാനായില്ല | പദ്ധതിയുടെ ആവശ്യകതയും സാധ്യതയും പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡീച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65692905 | 53410163 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59591333 | 46804074 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5476605 | |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 321030 | ശ്രീമതി സൂസമ്മ സി ഡി, ശിശു വികസന പദ്ധതി ഓഫീസർ |
| 1-18 | 5155575 | ശ്രീ. അനിൽകുമാർ ആർ എസ്, സെക്രട്ടറി |
| | **5476605** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സൂസമ്മ സി ഡി, ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് | കുരുളാറ്റിൽ, മൂലമറ്റം ഇടുക്കി ജില്ല 685559 |
| ശ്രീ. അനിൽകുമാർ ആർ എസ്, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ശ്രുതിലയം, TC 55/1309 (13), SBRA 44, മരുതൂർക്കടവ്, കരമന, തിരുവനന്തപുരം 695002 |

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| *ഓഡിറ്റ് വർഷം* | *റിപ്പോർട്ട് നമ്പർ* | *തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ* |
|---|---|---|
| 2000-01 | എൽ.എഫ്.പിറ്റിഎ.പി.5/701/02/9.12.2005/25.3.2006 | 2 |
| 2006-07 | എൽ.എഫ്.പിറ്റിഎ.പി.3/525/08/ 6.5.2009/30.6.2009 | 1 |
| 2007-08 | എൽ.എഫ്.പിറ്റിഎ.പി.3/646/09/31.5.2010/20.8.2010 | 3 |
| 2009-10-2010-11 | എൽ.എഫ്.പിറ്റിഎ.പി.2/153/13/ 10.4.2013/5.8.2013 | 2 |
| 2011-12–2012-13 | എൽ.എഫ്.പിറ്റിഎ.പി.2/212/14/31.5.2010/8.10.2014 | 3-9,3-12,3-13 ഒഴികെ എല്ലാ ഖണ്ഡികകളും നിലനിൽക്കുന്നു |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി.2/123/15/4.5.2015 | 5 |
| 2014-15 | കെ.എസ്.എ.പിറ്റിഎ.പി.2/1011/16/19.9.2016 | 6 |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി.13/203/17/3.4.2017 | 5 |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി.12/1297/17/ 7.12.2017 | 13 |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി.12/334/19/9.5.2019 | 6 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി.12/859/19/10.10.2019 | 1-9, 1-10, 1-11, 1-13 മുതൽ 1-23 വരെ, 4-2, 4-3 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി.12/904/21/23.1.2022 | 3 (1-9, 1-13, 1-14) |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി.12/905/21/23.1.2022 | 9 (1-9, 1-10, 1-11, 1-12, 1-14,1 -15, 1-18, 1-19, 3-1) |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി.12/223/23/29.3.2023 | 16 |
| 2022-23 | കെ.എസ്.എ.പിറ്റിഎ.പി.12/714/23/16.10.23 | 5 (1-9, 1-10, 1-11, 1-14, 1-16) |
| 2023-24 | കെ.എസ്.എ.പിറ്റിഎ.പി.12/661/24/12.7.2024 | 5 (1-10, 1-11, 1-12, 1-13, 1-14) |
| 2024-25 | കെ.എസ്.എ.പിറ്റിഎ.പി.12/865/25/18.7.2025 | എല്ലാ ഖണ്ഡികകൾ |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 11-06-2026 and submitted on 12-06-2026 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2026 and Balance sheet as on 31-03-2026 , with supporting forms, of the ELANTHOOR Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2025-2026 and Financial position of ELANTHOOR Block Panchayat as on 31-03-2026

**Date: 19/09/2026** **Senior Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of ELANTHOOR Block Panchayat for the Year 2025-2026.

### 1.Major Observations

1. Non disclosure of Assets -Assets not classified and evaluated and accounted. Asset Register is not updated.

### 2.Other Observations

1. The mandatory financial statements prescribed by the accounting rules are not included in the AFS.
2. Documents supporting the calculation of depreciation are not made available for audit.
3. Advance Register is not completely maintained and hence does not match with AFS.
4. The amount shown in the Sulekha Expenditure Statement for Block Panchayat Share for joint projects does not match with the amount of expenditure as per the annual financial statement

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2025-2026 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്